# അനുബന്ധം - III

(ശ്രദ്ധ ക്ഷണിക്കലുകൾക്കും സബ്മിഷനുകൾക്കും ബന്ധപ്പെട്ട

വകുപ്പുമന്ത്രിമാർ നൽകിയ മറുപടി)

(1) <u>വന്യമൃഗ പ്രതിരോധം സംബന്ധിച്ച ശ്രീ. മുരളി പെരുനെല്ലിയുടെ ശ്രദ്ധക്ഷണിക്കലിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) നൽകിയ മറുപടി</u>

സർക്കാർ നടപ്പിലാക്കിവരുന്ന മികച്ച രീതിയിലുള്ള വനം-വന്യജീവി, പരിപാലന-സംരക്ഷണ പ്രവർത്തനങ്ങൾമൂലം വന്യജീവികളുടെ എണ്ണത്തിൽ സമീപകാലത്ത് ഗണ്യമായ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. കാട്ടുപന്നികൾ, കുരങ്ങ് എന്നിവയുടെ കാര്യത്തിലും ഇത് ബാധകമാണ്. എന്നാൽ അംഗസംഖ്യയിലുണ്ടായ വർദ്ധനവുകൊണ്ടോ കാട്ടിനുള്ളിൽ തീറ്റയുടെ ലഭ്യത കുറയുന്നതുകൊണ്ടോ മാത്രമാണ് വന്യജീവി ആക്രമണം വ്യാപകമാകുന്നതെന്ന് പറയുവാൻ സാധിക്കുകയില്ല.

വന്യമൃഗങ്ങൾ ജനവാസ മേഖലകളിലിറങ്ങി കൃഷി നശിപ്പിക്കുന്നതും നാട്ടിലുള്ള മൃഗങ്ങൾക്കും മനുഷ്യർക്കും ഭീഷണിയാകുന്നതും തടയുന്നതിന് വനം വകുപ്പ് നിരവധി പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 2017-18 വരെ ഉദ്ദേശം 2100 കി. മീറ്റർ സോളാർ പവർ ഫെൻസിംഗ്, 618 കി.മീറ്റർ ആന പ്രതിരോധ കിടങ്ങുകൾ, 177 കി.മീറ്റർ ആന പ്രതിരോധ മതിൽ, 6 കി. മീറ്റർ കല്ല് കെട്ടിയ കിടങ്ങുകൾ (stone pitched trenches), 26 കി. മീറ്റർ ജൈവവേലി, 248 കി. മീറ്റർ കയ്യാല എന്നിവ നിർമ്മിച്ചിട്ടുണ്ട്. മികച്ച രീതിയിൽ പരിപാലിക്കുകയാണെങ്കിൽ ഏറ്റവും ചെലവ് കുറഞ്ഞതും കാര്യക്ഷമവുമായ വന്യജീവി പ്രതിരോധ മാർഗ്ഗമാണ് സൗരോർജ്ജ വേലി. നിലവിലുള്ള സൗരോർജ വേലികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും താൽക്കാലിക ജീവനക്കാർ ഉൾപ്പെടെയുള്ളവരെ നിയോഗിച്ചിട്ടുണ്ട്. അതേസമയം റെയിൽ ഫെൻസിംഗ് നിർമ്മിക്കുന്നത് വളരെയേറെ ചെലവേറിയ പദ്ധതിയാണ്. ഒരു കിലോമീറ്റർ നീളത്തിൽ റെയിൽ ഫെൻസിംഗ് നിർമ്മിക്കുന്നതിന് ഏകദേശം ഒരു കോടി എൺപത് ലക്ഷം രൂപ ചെലവ് വരും. നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ്, വയനാട് പോലെയുള്ള സ്ഥലങ്ങളിൽ കല്ലിന്റെ ദൗർലഭ്യം എന്നിവ റെയിൽ ഫെൻസിംഗ്, ആന പ്രതിരോധ മതിൽ

LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങിയവ നിർമ്മിക്കുന്നതിന് പ്രായോഗിക തടസ്സങ്ങളാണ്. മഴ കൂടുതലുള്ള പ്രദേശങ്ങളിലും വനത്തിലേയ്ക്ക് പ്രവേശിക്കാൻ പൊതുജനങ്ങൾ വഴി തുറക്കുന്നതും കിടങ്ങുകളുടെ ഫലപ്രാപ്തി കുറയ്ക്കാറുണ്ട്. വൻതുക ഈ മാർഗ്ഗങ്ങൾക്ക് അവലംബിച്ചാൽ വന്യജീവി ആക്രമണം രൂക്ഷമായ മറ്റു പ്രദേശങ്ങളിൽ പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കാൻ സാധിക്കാതെയും വരും.

താരതമ്യേന ചെലവ് കുറഞ്ഞതും പുതുതായി രൂപകൽപ്പന ചെയ്തതുമായ ക്രാഷ് ഗാർഡ് ഫെൻസിംഗ്, സോളാർ പവർ ഫെൻസിംഗ്, സ്വയം സന്നദ്ധ പുനരധിവാസം എന്നീ മാർഗ്ഗങ്ങളും വനം വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്.

കേരളത്തിൽ വന്യജീവി ആക്രമണത്തിനുള്ള നഷ്ടപരിഹാരം നൽകുന്ന പ്രക്രിയ ത്വരിതപ്പെടുത്തുന്നതിലേയ്ക്കും സുതാര്യത ഉറപ്പാക്കുന്നതിലേയ്ക്കുമായി ഇ-ഡിസ്ട്രിക്ട് (e-District) മുഖാന്തരമുള്ള ഓൺലൈൻ സംവിധാനമാണ് നിലവിലുള്ളത്. വന്യജീവി ആക്രമണംമൂലമുണ്ടാകുന്ന ജീവഹാനിക്കും മറ്റു നാശനഷ്ടങ്ങൾക്കും അനുവദിക്കുന്ന നഷ്ടപരിഹാരത്തുക അപര്യാപ്തമാണെന്ന നിരവധി പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ജീവഹാനി സംഭവിക്കുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് നൽകുന്ന നഷ്ടപരിഹാരത്തുക ഇരട്ടിയാക്കി 5-4-2018-ൽ സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. ഇതനുസരിച്ച് വന്യജീവി ആക്രമണംമൂലം ജീവഹാനി സംഭവിക്കുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് 10 ലക്ഷം രൂപയും സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും പരിക്കേൽക്കുന്നവർക്ക് പരമാവധി 1 ലക്ഷം രൂപയും വനത്തിനുപുറത്ത് പാമ്പ് കടിയേറ്റ് ജീവഹാനി സംഭവിച്ചാൽ നഷ്ടപരിഹാരം 2 ലക്ഷം രൂപയുമായി ഉയർത്തിയിട്ടുണ്ട്. വീടുകൾ/കുടിലുകൾ, കൃഷി, കന്നുകാലികൾ എന്നിവയ്ക്ക് വന്യജീവി ആക്രമണംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് കണക്കാക്കപ്പെടുന്ന തുകയുടെ 100%, പരമാവധി 1 ലക്ഷം രൂപ, എന്ന നിരക്കിൽ നൽകുന്നുണ്ട്. കൃഷി നാശത്തിനുള്ള നഷ്ടപരിഹാരത്തുകകൾ നൽകുന്നത് 2015-ൽ നിശ്ചയിച്ച നിരക്കുകൾ പ്രകാരമാണ്.

(2) നാഷണൽ ഹൈവേ 766-ന്റെ വികസനം സംബന്ധിച്ച ശ്രീ. ഐ. സി. ബാലകൃഷ്ണന്റെ ശ്രദ്ധക്ഷണിക്കലിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) നൽകിയ മറുപടി

മുത്തങ്ങ വനമേഖല ദേശീയപാത 766 വയനാട് ജില്ലയിലെ കല്ലൂരിൽ നിന്നാരംഭിച്ച് കർണ്ണാടക അതിർത്തിവരെ 10 കി.മീ ഭാഗമാണ്. ഈ പ്രദേശത്ത് കേന്ദ്ര സർക്കാരിന്റെ 55 കോടി രൂപയുടെ റോഡ് ശക്തിപ്പെടുത്തൽ, എൽ. & ടി. കമ്പനി മുഖാന്തരം ഹൈവേയുടെ സമഗ്ര വികസനത്തിനായി സാങ്കേതിക പഠനം

LIBRARY ARCHIVES Kerala Legislative Assembly